# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2025 നവംബർ 13**

---

## എം ജി യിൽ വനിതാ സംരംഭക കൂട്ടായ്മയും ബൂട്ട് ക്യാമ്പും

*സ്ത്രീകളുടെ നേതൃത്വത്തിലുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുകയും സർവ്വാശ്ലേഷിയായ സംരംഭകത്വസംസ്കാരം രൂപപ്പെടുത്തുകയും എന്ന ലക്ഷ്യത്തോടെ മഹാത്മാഗാന്ധി സർവകലാശാല ഇന്നവേഷൻ ഫൗണ്ടേഷൻ നവംബർ 18, 19 തീയതികളിൽ ദ്വിദിന വനിതാ സംരംഭക ബൂട്ട് ക്യാമ്പും കൂട്ടായ്മയും സംഘടിപ്പിക്കുന്നു. വനിതാ സംരംഭക ദിനത്തോടനുബന്ധിച്ച് രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ , മെർസ്ട്ര ഫൗണ്ടേഷൻ എന്നിവയുടെ സഹകരത്തോടെയാണ് ക്യാമ്പ് നടത്തുന്നത്. പ്രവേശനം സൗജന്യമാണ്. കോളേജ് വിദ്യാർത്ഥികൾക്കും സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാം. നവംബർ 19 ന് പ്രമുഖ വനിതാ സംരംഭകരും വ്യവസായപ്രമുഖരും പങ്കെടുക്കുന്ന കൂട്ടായ്മയിൽ പ്രഭാഷണങ്ങളും പാനൽ ചർച്ചകളും നടക്കും.*

*രജിസ്റ്റർ ചെയ്യുന്നതിന്:*https://forms.gle/EYaUBGOSH2HEYDAES *സന്ദർശിക്കുക.*

*വിശദവിവരങ്ങൾക്ക് :*www.incubation.mguif.com*; ഫോൺ :+91 481 2992684*

*(പി.ആർ.ഒ/39/2198/2025)*

## എംജിയിൽ വിവിധ അധ്യാപക തസ്തികകളിൽ സ്ഥിര നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

*മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ സ്ഥിര*

നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് പരിഗണിക്കുന്നത്.

അസോസിയേഞ്ഞ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ 60 വയസ്സും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 50 വയസ്സുമാണ് പ്രായപരിധി. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് www.facultyrecruitment.mgu.ac.in സന്ദർശിക്കുക. അവസാന തീയതി നവംബർ 30. പൂരിപ്പിച്ച ഓൺലൈൻ അപേക്ഷ ഫോറവും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഡെപ്യൂട്ടി രജിസ്ട്രാർ II (അഡ്മിൻ) മഹാത്മാഗാന്ധി സർവ്വകലാശാല പ്രിയദർശിനി ഹിൽസ് പി ഒ, കോട്ടയം-686560 എന്ന വിലാസത്തിൽ ഡിസംബർ ഏഴിനകം ലഭ്യമാകണം. വിശദ വിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക.
(പി.ആർ.ഓ/39/2199/2025)

## ഓൾ ഇന്ത്യ ഹയർ എജുക്കേഷൻ സർവ്വേ

AISHE വെബ്സൈഞ്ഞിൽ (www.aishe.gov.in) ഡാഞ്ഞ ഇതുവരെ അപ്ലോഡ് ചെയ്യാത്ത, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേഞ്ഞഡ് കോളേജുകളും നവംബർ 15ന് മുമ്പായി ഡേഞ്ഞ അപ്ലോഡ് ചെയ്യേണ്ടതാണ്.
(പി.ആർ.ഓ/39/2200/2025)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എംസിഎ (2024 അഡ്മിഷൻ റഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഒക്ടോബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 24 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈഞ്ഞിൽ.

.....

അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബിസിഎ, ബി.എസ്.സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ മെഴ്സി

*ചാൻസ്) ഒക്ടോബർ 2025 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 17 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.*
*(പി.ആർ.ഒ/39/2201/2025)*

## പരീക്ഷാ തീയതി

*അഫിലിയേനഡ് കോളേജുകളിലെയും സിപാസിലെയും ഒന്നാം സെമസ്റ്റർ എംസിഎ (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 30 മുതൽ നടക്കും.*

.....

*ഏഴാം സെമസ്റ്റർ സെമസ്റ്റർ ഇന്റഗ്രേനഡ് എംഎസ്.സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാനിസ്റ്റിക്സ്, ഫിസിക്സ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാനാ സയൻസ്) ഇന്റഗ്രേനഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 16 മുതൽ നടക്കും.*

.....

*മൂന്നാം സെമസ്റ്റർ സെമസ്റ്റർ ഇന്റഗ്രേനഡ് എംഎസ്.സി ബേസിക് സയൻസസ് (കെമിസ്ട്രി, സ്റ്റാനിസ്റ്റിക്സ്, ഫിസിക്സ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാനാ സയൻസ്) ഇന്റഗ്രേനഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ ഒന്നു മുതല നടക്കും.*
*(പി.ആർ.ഒ/39/2202/2025)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*നവംബർ 19ന് ആരംഭിക്കുന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ എംഎ, എം.എസ്.സി, എംകോം അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് (റഗുലർ സ്റ്റഡി 2001 നു മുമ്പുള്ള അഡ്മിഷനുകൾ, പ്രൈവനഡ് സ്റ്റഡി 2002 നു മുമ്പുള്ള അഡ്മിഷനുകൾ സെമസ്റ്റർ/ആനുവൽ സ്കീം) ജനുവരി 2025 പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ*

*അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈനിൽ. വിദ്യാർഥികൾ അനുവദിച്ച പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.*

*(പി.ആർ.ഒ/39/2203/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ